## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2057** **05.05.2017-ൽ മറുപടിയ്ക്ക്**

**പട്ടിക- വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഗോത്ര സാരഥി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിദ്യാർഥത്ഥികൾക്കായി ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഏർപ്പെടുത്തിയിരിക്കുന്നത്; | ബി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഈ പദ്ധതിയനുസരിച്ച് എൽ.പി.തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ ½ കിലോമീറ്ററിൽ കൂടുതലും, യു.പിതലത്തിൽ 1 കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ 2 കിലോമീറ്ററിൽ കൂടുതലും ആയിരിക്കണം. ഓരോ കോളനിയിൽ നിന്നും സ്കൂളിൽ പോയി വരുന്ന കുട്ടികൾ 5 പേരോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷയും, 5 മുതൽ 12 വരെ ആണെങ്കിൽ ജീപ്പും, അതിൽ കൂടുതൽ ആണെങ്കിൽ അനുയോജ്യമായ വാഹനവും ഏർപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| സി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | വനാന്തരങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലും താമസിക്കുന്ന കൂടുതൽ വിദ്യാർത്ഥികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | ഡി) | വനാന്തരങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലും താമസിക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും ഈ പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ